പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1829 05.02.2019-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യുടെ മിന്നൽ സർവ്വീസുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ഉബൈദുള്ള | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഏതെല്ലാം നഗരങ്ങളെ ബന്ധിപ്പിച്ചു കൊണ്ടാണ് നിലവിൽ കെ.എസ്. ആർ.ടി.സി.യുടെ മിന്നൽ സർവ്വീസുകൾ നടത്തിവരുന്നത്;വ്യക്തമാക്കുമോ; | (എ) | സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയം കൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകൾ എന്ന പേരിൽ പുതിയ തരം സൂപ്പർ ഡീലക്സ് സർവ്വീസുകൾ (ആകെ 11 എണ്ണം) വിവിധ ഡിപ്പോകളിൽ നിന്നും ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം സെൻട്രൽ, കൊട്ടാരക്കര, കൊല്ലം, കട്ടപ്പന, മൂന്നാർ, പാലാ, കോട്ടയം, തൊടുപുഴ, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, സുൽത്താൻ ബത്തേരി, മാനന്തവാടി എന്നീ പ്രധാന സ്ഥലങ്ങളെ ബന്ധപ്പിച്ചു കൊണ്ടാണ് മിന്നൽ സർവ്വീസുകൾ നടത്തി വരുന്നത്. |
| (ബി) | ഇതുവഴി കെ.എസ്.ആർ.ടി.സി.ക്ക് ലഭിക്കുന്ന വരുമാനം എത്രയെന്ന് വെളിപ്പെടുത്തുമോ; | (ബി) | വരുമാനം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു. |

| ക്രമ നമ്പർ | സർവ്വീസ് | പ്രതിദിന ശരാശരി വരുമാനം |
|---|---|---|
| 1 | സുൽത്താൻ ബത്തേരി-തിരുവനന്തപുരം | 35000 |
| 2 | കാസർഗോഡ്-കോട്ടയം | 30000 |
| 3 | പാലക്കാട്-തിരുവനന്തപുരം | 30000 |
| 4 | മാനന്തവാടി-തിരുവനന്തപുരം | 40000 |

| | | |
|---|---|---|
| 5 | കണ്ണൂർ-തിരുവനന്തപുരം | 37000 |
| 6 | പാലാ-കാസർഗോഡ് | 28124 |
| 7 | മൂന്നാർ-തിരുവനന്തപുരം | 28000 |
| 8 | കട്ടപ്പന-തിരുവനന്തപുരം | 21958 |
| 9 | തിരുവനന്തപുരം-കാസർഗോഡ് | 31180 |
| 10 | തിരുവനന്തപുരം-പാലക്കാട് | 21848 |
| 11 | തിരുവനന്തപുരം-കോഴിക്കോട് | 25969 |

| | | | |
|---|---|---|---|
| (സി) | തലസ്ഥാനത്തു നിന്ന് എല്ലാ ജില്ലാ ആസ്ഥാനങ്ങളെയും ബന്ധിപ്പിച്ചു കൊണ്ട് പ്രസ്തുത സർവ്വീസ് നടത്തുന്നുണ്ടോ; | (സി) | ഇല്ല. |
| (ഡി) | മലപ്പുറം ജില്ലാ ആസ്ഥാനത്തേക്ക് മിന്നൽ സർവ്വീസ് നിലവിലില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ തിരുവനന്തപുരം-മലപ്പുറം റൂട്ടിൽ പുതിയ മിന്നൽ സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ എന്ന് അറിയിക്കാമോ? | (ഡി) | മേഖലാ അടിസ്ഥാനത്തിലുള്ള സാദ്ധ്യതാ പഠന റിപ്പോർട്ടിൻ പ്രകാരം മാത്രമേ പുതിയ മിന്നൽ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുവാൻ കഴിയുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**